സൂറ-19

# മർയം

22. അങ്ങനെ മർയം ആ കുഞ്ഞിനെ ഗർഭം ധരിച്ചു. ഗർഭവുമായി അവൾ അകലെയൊരിടത്ത് പോയി ഏകാന്തയായി വസിച്ചു.

۞فَحَمَلَتْهُ فَانتَبَذَتْ بِهِۦ مَكَانًا قَصِيًّا ﴿٢٢﴾

23. പിന്നെ പേറ്റുനോവ് അവളെ ഒരീത്തപ്പനയുടെ ചുവട്ടിലെത്തിച്ചു. മർയം വിലപിച്ചുകൊണ്ടിരുന്നു: ഹാ കഷ്ടം! ഇതിനുമുമ്പ് ഞാൻ മരിച്ചു മണ്ണടിഞ്ഞ് എന്റെ പേരും കുറിയും വിസ്മൃതമായിരുന്നെങ്കിൽ!!

فَأَجَآءَهَا ٱلْمَخَاضُ إِلَىٰ جِذْعِ ٱلنَّخْلَةِ قَالَتْ يَٰلَيْتَنِى مِتُّ قَبْلَ هَٰذَا وَكُنتُ نَسْيًا مَّنسِيًّا ﴿٢٣﴾

അങ്ങനെ അവൾ (മർയം) അവനെ ഗർഭം ധരിച്ചു = فَحَمَلَتْهُ

അകന്ന ഒരിടത്ത് = مَكَانًا قَصِيًّا  അതു (ഗർഭവു)മായി അവൾ പോയി (വസിച്ചു) = فَانتَبَذَتْ بِهِۦ

പേറ്റു നോവ് = ٱلْمَخَاضُ പിന്നെ അവളെ എത്തിച്ചു = فَأَجَآءَهَا

അവൾ പറഞ്ഞു(മർയം വിലപിച്ചു) = قَالَتْ ഒരു ഈത്തപ്പന മരത്തിലേക്ക് (പനയുടെ ചുവട്ടിൽ) = إِلَىٰ جِذْعِ ٱلنَّخْلَةِ

ഹാ, ഞാൻ മരിച്ചെങ്കിൽ എത്ര നന്നായേനെ(ഹാ കഷ്ടം, ഞാൻ മരിച്ചു മണ്ണടിഞ്ഞെങ്കിൽ) = يَٰلَيْتَنِى مِتُّ

ഇതിനുമുമ്പ് = قَبْلَ هَٰذَا

ഞാൻ തീരെ വിസ്മൃതയായിത്തീരുകയും ചെയ്തിരുന്നെങ്കിൽ = وَكُنتُ نَسْيًا مَّنسِيًّا

(എന്റെ പേരും കുറിയും വിസ്മൃതമായിരുന്നെങ്കിൽ)

**22.** മർയം പുരുഷസ്പർശമില്ലാതെ സൽപുത്രന്നു ജന്മം നൽകുമെന്നും അത് അല്ലാഹുവിന്റെ അലംഘനീയമായ വിധിയാണെന്നും അറിയിച്ച് മലക്ക് തിരോധാനം ചെയ്തു. പോകുന്നതിനുമുമ്പ് മലക്ക് മറിയമിന്റെ മാറിൽ ഊതി. തുടർന്ന് അവർ ഗർഭിണിയായി. ഗർഭം ക്രമേണ വളർന്ന് ഉദരം ആളുകളുടെ ശ്രദ്ധയിൽ പെടുംവണ്ണം വീർത്തു തുടങ്ങിയപ്പോൾ അവർ ജനദൃഷ്ടിയിൽനിന്നും ചോദ്യങ്ങളിൽനിന്നും രക്ഷപ്പെടാൻ സ്വജനത്തിൽനിന്നും അകലെ ഒരിടത്തുപോയി തനിച്ചു താമസിച്ചു. ഈലിയാഇൽനിന്ന് ബെത്‌ലഹേമിലേക്കായിരുന്നു അവർ പോയതെന്നും ഈ സ്ഥലങ്ങൾ തമ്മിൽ നാലു നാഴിക ദൂരമുണ്ടെന്നും ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി നിവേദനമുണ്ട്. ഏതായാലും വിജനമായിരുന്നു അവർ ചെന്നുചേർന്ന സ്ഥലം. ഗർഭമുണ്ടായത് പുരുഷസ്പർശമില്ലാതെയാണെങ്കിലും

സാധാരണ ഗര്‍ഭത്തിന്റെ ആലസ്യങ്ങളൊക്കെ അവര്‍ക്കുമുണ്ടായിരുന്നു. ഗര്‍ഭ കാലവും സാധാരണ ക്രമത്തിലായിരുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. ഇതു സംബന്ധിച്ച ആറു മാസം, ഏഴു മാസം, എട്ടു മാസം, ഒന്‍പതു മാസം എന്നിങ്ങനെ വ്യത്യസ്ത പ്രസ്താവങ്ങളുണ്ട്. ജിബ്‌രീല്‍ ഊതിയതും അവര്‍ പൂര്‍ണ ഗര്‍ഭിണിയാവുകയും പേറ്റുനോവെടുക്കുകയും ചെയ്തുവെന്നാണ് ചിലര്‍ പറയുന്നത്. ഇത്തരം പ്രസ്താവങ്ങളെല്ലാം നിരാധാരങ്ങളാണ്.

**23.** യഥാകാലം മര്‍യമിന്ന് പേറ്റുനോവു തുടങ്ങി. സഹായിക്കാനാരുമില്ല. വെള്ളവും ഭക്ഷണവുമില്ല. തണലിനും താങ്ങിനുമായി അവിടെ ഒരു ഈത്തപ്പനയേ ഉണ്ടായിരുന്നുള്ളൂ. ഗത്യന്തരമില്ലാതെ മര്‍യം അതിന്റെ ചുവട്ടിലെത്തി. فَأَجَآءَهَا ٱلْمَخَاضُ إِلَىٰ جِذْعِ ٱلنَّخْلَةِ എന്നാണ് മൂല വാക്യം. أجاء ജാഅ(വന്നു)യുടെ സകര്‍മക രൂപമാണ്. ألجأ (അഭയം നല്‍കി) യുടെ പാഠഭേദമാകാം 'അജാഅ' എന്നും ഭാഷാഭിജ്ഞര്‍ക്കഭിപ്രായമുണ്ട്. വൃക്ഷത്തിന്റെ ശാഖകള്‍ക്കും വേരുകള്‍ക്കുമിടയിലുള്ള തടിമരമാണ് جذع . സമൃദ്ധമായ ഓലയും കായ്ഫലവുമുള്ളതായിരുന്നു ആ മരമെന്നനുമാനിക്കാം. അത്തരമൊരു മരമാണല്ലോ മര്‍യമിന്റെ അവസ്ഥയിലുള്ള ഒരു സ്ത്രീക്കഭയമാവുക. മരത്തെ النخلة എന്ന് ال ചേര്‍ത്തുപരാമര്‍ശിച്ചതില്‍ ഈ ഈത്തപ്പനയെക്കുറിച്ച് മര്‍യമിന്ന് നേരത്തെ അറിവുണ്ടായിരുന്നുവെന്ന സൂചനയുണ്ട്. ഒരു പക്ഷേ, പേറ്റുനോവെടുത്താല്‍ ഈ വൃക്ഷച്ചുവട്ടിലേക്ക് പോകണമെന്നും അവിടെ ആവശ്യമായ സൗകര്യങ്ങള്‍ ലഭിക്കുമെന്നും നേരത്തെ അവര്‍ക്കു സ്വപ്നദര്‍ശനമുണ്ടായിരിക്കാം. അതനുസരിച്ച് പ്രസവമടുത്തപ്പോള്‍ അവര്‍ നിര്‍ദിഷ്ട വൃക്ഷച്ചുവട്ടിലേക്കു പോയതാവാം. എന്നാല്‍ ഈ ഈത്തപ്പന മരുപ്പറമ്പില്‍ ഉണങ്ങി തലപോയി നിന്ന ഒന്നായിരുന്നുവെന്നാണ് പല പ്രമുഖ വ്യാഖ്യാതാക്കളും പറയുന്നത്. മര്‍യം അതിനടുത്തുചെന്നത് പേറ്റുനോവുള്ള സ്ത്രീകള്‍ പ്രസവം എളുപ്പമാവാന്‍ എന്തിലെങ്കിലും മുറുകെപ്പിടിക്കുക പതിവുള്ളതാണെന്നും പ്രസവ വേദനയനുഭവപ്പെട്ട മര്‍യമും ഈയുദ്ദേശ്യാര്‍ഥമാണ് മരത്തിനടുത്ത് ചെന്നതെന്നുമാണ് അവരുടെ നിലപാട്. ഇമാം സമഖ്ശരി പറയുന്നു: "ഈ ഈത്തപ്പന മരുപ്പറമ്പില്‍ ഉണങ്ങി നില്‍ക്കുകയായിരുന്നു. അതിന് തലയില്ലായിരുന്നു. കായും പച്ചപ്പുമുണ്ടായിരുന്നില്ല. കൂടാതെ അത് (ഈത്തപ്പഴം വിളയാത്ത) ശൈത്യകാലവുമായിരുന്നു." എന്നാല്‍ കായ്ഫലം നിറഞ്ഞതായിരുന്നു ആ ഈത്തപ്പന എന്നു പറഞ്ഞവരും കുറവല്ല. വീടുനിര്‍മിക്കാന്‍ ആരോ കൊണ്ടുവന്നിട്ട ഒരു പനത്തടി ആയിരുന്നു അതെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. എല്ലാം നിഗമനങ്ങളാണ്. ആളുകള്‍ മരത്തെ ഉണക്കിയതും മുറിച്ചിട്ടതുമൊക്കെ മര്‍യം ബീവിയുടെ കറാമത്തുകള്‍ മുഴപ്പിച്ചുകാണിക്കാനാണെന്നു വരാം. വിശുദ്ധ ഖുര്‍ആനും പ്രബലമായ ഹദീസുകളും പറയുന്ന കാര്യങ്ങളേ നാം നിര്‍ബന്ധമായി വിശ്വസിക്കേണ്ടതുള്ളൂ.

قَالَتْ يَـٰلَيْتَنِى مِتُّ قَبْلَ هَـٰذَا وَكُنتُ نَسْيًا مَّنسِيًّا

എന്ന ഖണ്ഡം മര്‍യം ബീവിയുടെ അപ്പോഴത്തെ മനോവ്യഥയെ വര്‍ണിക്കുകയാണ്. കുലീന കുടുംബത്തില്‍ പിറന്ന കന്യക. സച്ചരിതയും ദൈവ ഭക്തയുമായ യുവതി. നാട്ടുകാര്‍ അദമ്യമായ സ്നേഹത്തോടെയും ആദരവോടെയും കണ്ടിരുന്ന വനിത. അവര്‍ ഒരുനാള്‍ ഗര്‍ഭിണിയാകുന്നു. തന്റെ ഉദരത്തില്‍ വളരുന്നത് അല്ലാഹുവിങ്കല്‍ നിന്നുള്ള സവിശേഷമായ അനുഗ്രഹമാണെന്ന് ദൈവദൂതന്‍ അറിയിച്ചിട്ടുണ്ട്. അക്കാര്യം ആളുകളോടു പറഞ്ഞാല്‍ ആരും വിശ്വസിക്കില്ല. പിഴച്ചവള്‍, വേശ്യ എന്നിങ്ങനെയുള്ള ഭര്‍ത്സനങ്ങളും കല്ലേറുമായിരിക്കും അവരുടെ മറുപടി. ഈ അപമാന ഭയത്താല്‍ അവര്‍ സ്വജനത്തില്‍ നിന്നകന്ന് വിജനമായ ഒരിടത്ത് ഏകാന്തവാസം ചെയ്യുന്നു. ഒരു ഗര്‍ഭിണിയുടെ ഏകാന്തവാസം തന്നെ കടുത്ത പീഡനമാണ്. അതൊക്കെ ഒരുവിധം തരണം ചെയ്തു. ഇപ്പോഴിതാ പ്രസവിക്കാന്‍ പോവുകയാണ്. ജനിക്കാന്‍ പോകുന്ന കുഞ്ഞിന്റെയും തന്റെയും അവസ്ഥയെന്താകും? ഭക്ഷണവും വെള്ളവുമില്ല. പരിചരിക്കാനാളില്ല. എങ്ങനെ ജീവിതം മുന്നോട്ടുകൊണ്ടുപോകും? ഗര്‍ഭം പോലെ ആളുകളില്‍ നിന്നൊളിച്ചു വെക്കാനാകുമോ കുഞ്ഞിനെ? അവനെയും കൊണ്ട് എങ്ങനെ ആളുകളുടെ മുഖത്തു നോക്കും? അവരുടെ നൂറുനൂറു ചോദ്യങ്ങള്‍ക്ക് എന്തുത്തരം പറയും?...

ഈ ഖുര്‍ആന്‍ വാക്യമുള്‍ക്കൊള്ളുന്ന ഭാവതീവ്രത അതേ അളവില്‍ മലയാളത്തിലേക്കു പകര്‍ത്താന്‍ ഈയുള്ളവന്‍ അശക്തനാണ്. തന്റെ പരിശുദ്ധി ആളുകളെ ബോധ്യപ്പെടുത്താനാവില്ലല്ലോ എന്ന അവരുടെ ഭയം അസ്ഥാനത്തായിരുന്നില്ല എന്നു വ്യക്തമാക്കുന്ന ഒരു കഥ ഇമാം റാസി, ഥഅ്‌ലബിയില്‍നിന്ന് ഉദ്ധരിച്ചിട്ടുണ്ട്. മര്‍യമിനെ ബാല്യം മുതലേ അടുത്തറിയുന്ന ഒരാളുണ്ടായിരുന്നു; യൂസുഫ്. അയാള്‍ അവരോട് എന്തെന്നില്ലാത്ത സ്നേഹവും ആദരവും പുലര്‍ത്തിയിരുന്നു. ബൈതുല്‍ മഖ്ദിസിന്റെ പരിചാരകനായിരുന്ന യൂസുഫിന്ന് മര്‍യമിന്റെ എല്ലാ കാര്യങ്ങളും നന്നായറിയാമായിരുന്നു. അയാള്‍ മര്‍യമിന്റെ ഭര്‍ത്താവായിരുന്നുവെന്നാണ് ബൈബിള്‍ പറയുന്നത്. ഈ യൂസുഫ് മര്‍യ

മിനോടു ചോദിച്ചു: "മര്‍യമേ, വിത്തിടാതെ സസ്യം മുളക്കുമോ? മഴയില്ലാതെ ചെടി വളരുമോ? പുരുഷ ബീജമില്ലാതെ കുഞ്ഞുണ്ടാകുമോ?" മര്‍യം പറഞ്ഞു: "ഉണ്ടാകും. അല്ലാഹു ആദ്യസസ്യം മുളപ്പിച്ചത് വിത്തില്ലാതെയാണെന്നു നിങ്ങള്‍ക്കറിയില്ലേ? ഇന്നിക്കാണുന്ന വിത്തുകളൊക്കെയും അല്ലാഹു വിത്തില്ലാതെ മുളപ്പിച്ച ആ സസ്യത്തില്‍നിന്നുണ്ടായതാണല്ലോ. അല്ലാഹു മഴയില്ലാതെയാണ് മരം മുളപ്പിച്ചതെന്ന് നിങ്ങള്‍ക്കറിഞ്ഞുകൂടേ. പിന്നെ വിധി നിശ്ചയത്താല്‍ മഴയെ അതിന്റെ ജീവനാക്കിയിരിക്കുന്നു; അവയിലോരോന്നിനെയും വെവ്വേറെ സൃഷ്ടിച്ചശേഷം. അല്ലെങ്കില്‍ മഴയുടെ സഹായമില്ലാതെ മരം മുളപ്പിക്കാന്‍ അല്ലാഹുവിന്ന് കഴിയില്ലെന്ന്, അഥവാ മഴയില്ലായിരുന്നുവെങ്കില്‍ അവന്ന് മരം മുളപ്പിക്കാന്‍ കഴിയുമായിരുന്നില്ലെന്ന് നിങ്ങള്‍ പറയേണ്ടിവരും."

യൂസുഫ് പറഞ്ഞു: "അങ്ങനെ ഞാന്‍ പറയുന്നില്ല. ഞാന്‍ സമ്മതിക്കുന്നു; അല്ലാഹു അവനിഛിക്കുന്നതെന്തിനും കഴിവുള്ളവനാണ്. അവന്‍ ഇഛിച്ചാല്‍, ഉണ്ടാവുക എന്ന് കല്‍പ്പിക്കുകയേ വേണ്ടൂ. അതുണ്ടാകും."

മര്‍യം: "ആദമിനെയും അദ്ദേഹത്തിന്റെ ഭാര്യയെയും ആണും പെണ്ണുമില്ലാതെയാണ് അല്ലാഹു സൃഷ്ടിച്ചതെന്നു നിങ്ങള്‍ക്കറിയില്ലേ?"

ഇതു കേട്ടപ്പോഴാണ് യൂസുഫിന്റെ മനസ്സില്‍നിന്ന് സംശയം നീങ്ങിയത്.

നടക്കില്ലെന്നുറപ്പുള്ള കാര്യം നടന്നുകിട്ടിയെങ്കില്‍ എന്നാശിക്കുന്നതിനെക്കുറിക്കുന്ന പദമാണ് ഭാഷാര്‍ഥത്തില്‍ ليت . അതിനോട് ഉത്തമപുരുഷ സര്‍വനാമവും വിളിയെക്കുറിക്കുന്ന يا ഉം ചേര്‍ന്നപ്പോള്‍ ياليتني എന്നായി. ഹാ കഷ്ടം! ഞാന്‍ ആയിരുന്നെങ്കില്‍, അല്ലെങ്കില്‍ എനിക്ക് കഴിഞ്ഞിരുന്നുവെങ്കില്‍ എത്ര നന്നായേനെ എന്ന അര്‍ഥത്തിലുള്ള പ്രയോഗമാണിത്. 'ഇതിനുമുമ്പ്' എന്നതിന്റെ താല്‍പര്യം, ലോകാപവാദത്തിനും മാനഹാനിക്കും ഇടയാക്കുന്ന ഈ ഗര്‍ഭത്തിനും പ്രസവത്തിനും മുമ്പ് എന്നാണ്. ആരും ഓര്‍മയില്‍ സൂക്ഷിക്കാത്ത നിസ്സാര വസ്തുവാണ് نَسْي . ഇതിന് نِسْي , എന്നും പാഠമുണ്ട്. വിസ്മരിക്കപ്പെടുന്നത് എന്ന അര്‍ഥത്തിലാണ് ഇവിടെ ഇതുപയോഗിച്ചിരിക്കുന്നത്. സാധാരണഗതിയില്‍ അഗണ്യമായി മറന്നുകളയുന്ന വസ്തുക്കളെ أنسَاْء എന്നുപറയും. നാടോടികള്‍ തമ്പ് പൊളിച്ച് സ്ഥലം വിടുമ്പോള്‍ انظروا أنسائكم എന്നു വിളിച്ചുപറയാറുണ്ട്. സാധാരണ മറന്നുപോകാറുള്ള വല്ലതും മറന്നിട്ടുണ്ടോ എന്നുനോക്കുക എന്നര്‍ഥം. نسي ന്റെ അര്‍ഥം തന്നെയാണ് منسي നുമുള്ളത്. نسي ല്‍നിന്നുള്ള കര്‍മപദം ആണിത്. نسي നെ അതേ അര്‍ഥത്തിലുള്ള منسي കൊണ്ട് വിശേഷിപ്പിച്ചത് 'വിസ്മൃതി' എന്ന അര്‍ഥത്തെ അത്യധികം പുഷ്ടിപ്പെടുത്താനാണ്. അതുകൊണ്ടാണ് അതിനെ 'പേരും കുറിയും വിസ്മൃതമായെങ്കില്‍' എന്ന് തര്‍ജമ ചെയ്തത്. 'ഇങ്ങനെ ഒരാളുണ്ടായിരുന്നുവെന്ന് ആളുകള്‍ ഓര്‍ക്കുകപോലും ചെയ്യാത്തവിധം ഞാന്‍ ഇല്ലാതായിപ്പോയിരുന്നുവെങ്കില്‍' എന്നാണവരാഗ്രഹിക്കുന്നത്.

സത്യവിശ്വാസികള്‍ സ്വന്തം മരണം കൊതിക്കാന്‍ പാടില്ലെന്നാണ് മുഹമ്മദ് നബി(സ) അനുശാസിച്ചിട്ടുള്ളത്. സാധാരണ ജീവിതം അസാധ്യമായി തോന്നുന്ന പ്രതിസന്ധി ഘട്ടങ്ങളില്‍പോലും 'അല്ലാഹുവേ, മരണമാണ് എനിക്കുത്തമമെങ്കില്‍ എന്നെ മരിപ്പിക്കേണമേ' എന്നേ പ്രാര്‍ഥിക്കാവൂ. കൊടിയ പീഡനവും അപമാനവും നേരിടേണ്ടിവരുന്ന സന്ദര്‍ഭങ്ങളില്‍ മരണമാഗ്രഹിക്കുന്നത് അനുവദനീയമാണെന്നതിനു തെളിവായി ഇബ്‌നു കഥീര്‍ ഉള്‍പ്പെടെയുള്ള ചില ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ ഈ സൂക്തം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്തരം സന്ദര്‍ഭങ്ങളില്‍ മരണം കൊതിക്കാമെന്ന് പറയുന്നവരും ആത്മഹത്യ ഒരു ഘട്ടത്തിലും അനുവദനീയമല്ല എന്ന കാര്യത്തില്‍ ഏകാഭിപ്രായക്കാരാണ്. ■